**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035 ഇ മെയിൽ: dhskerala.hlth@kerala.gov.in**

**വെബ്സൈറ്റ് : www.dhs.kerala.gov.in ഫോൺ. 0471-2302490, 2303025**

---

## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (എ & റ്റി) നടപടിക്രമം

വിഷയം:- ആരോഗ്യവകുപ്പ് – ശ്രീമതി. റാണി. എം, ജെപിഎച്ച്എൻ ഗ്രേഡ് 2, എഫ്എച്ച്സി, ചവറ, കൊല്ലം- ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിലേയക്ക് സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ. ഉ. (സാധാ) നം. 1662/2017/ആകുവ തീയതി. 14.06.2017
2. ഉത്തരവ് നം ഇഎസ്5- 6150/2019/ആവഡ തീയതി 05.11.2020
3. ഉത്തരവ് നം ആവഡ/4960/2024/ഇഎസ്5 തീയതി. 19.03.2024
4. നം. DMOH-KLM/2033/2024-A4 തീയതി. 26.06.2024

**ഉത്തരവ് നം. DHS/12345/2023-FWA4-Part(4)/(1) തീയതി. 13-08-2024**

01-01-2007 മുതൽ 31-12-2009 വരെയുള്ള കാലയളവിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കൊല്ലം ചവറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുന്ന ശ്രീമതി. റാണി. എം സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രസ്തുത പട്ടികയിൽ 188 A എന്ന റാങ്ക് അനുവദിച്ച് ഉത്തരവായിരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ശ്രീമതി. റാണി. എം സമർപ്പിച്ച പ്രൊഫോർമ പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്നു.

ആയതിനാൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ശ്രീമതി റാണി. എം (പെൻ 209218), സാമൂഹികാരോഗ്യകേന്ദ്രം ചവറ, കൊല്ലം എന്ന ജീവനക്കാരിയ്ക്ക് 37400-79000 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകിയും പരാമർശം (1) ലെ സർക്കാർ ഉത്തരവനുസരിച്ച് ജില്ലകൾക്കുള്ളിൽ ടി തസ്തികകളുടെ 1 : 1 അനുപാതം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഒഴിവ് നിലവിലുള്ള പാലക്കാട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചും ഉത്തരവാകുന്നു.

സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടുള്ളതിനാൽ യാതൊരു കാരണവശാലും സ്ഥാനക്കയറ്റം പരിത്യജിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. സ്ഥാനക്കയറ്റം നൽകിയ ജീവനക്കാരിയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതും സ്ഥാപനമേധാവി പകരക്കാരെ കാത്തു നിൽക്കാതെ വിടുതൽ ചെയ്യേണ്ടതുമാണ്.

വിവരശേഖരണം നടത്തിയ സമയത്ത് ടിയാരി ജോലി ചെയ്തിരുന്ന സ്ഥാപനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനുശേഷം സ്ഥാപനം മാറ്റിയിട്ടുണ്ടെങ്കിൽ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ ജീവനക്കാരിയെ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപനമേധാവിയ്ക്ക് / ജീവനക്കാരിയ്ക്ക് നൽകേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

Signed by
Jayasree V
Date: 13-08-2024 17:00:01

DR JAYASREE V
ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്,

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
   പാലക്കാട് / കൊല്ലം
2. ബന്ധപ്പെട്ട സ്ഥാപന മേധാവിയ്ക്ക് (സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരിയ്ക്ക് നിയമന ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് പകരക്കാരെ കാത്തുനിൽക്കാതെ വിടുതൽ ചെയ്യേണ്ടതാണ്)
3. ബന്ധപ്പെട്ട ജീവനക്കാരിയ്ക്ക്

പകർപ്പ്,

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ.